# ALL SAINTS PUBLIC SCHOOL CHAYAM

## MID TERM EXAMINATION 2024 - 2025

**Std X** **Maximum Marks : 80**

**TIME ALLOWED : 3 Hrs**

### MALAYALAM

---

***The question paper is divided into two sections :***
***Section A : Reading Comprehension (V.S.A.Q)***
***Vocabulary Building & Prose & Poetry (M.C.Q) : 40 Marks***
***Section B : Grammar, Composition***
***Literature (Prose, Poetry & Supplementary) : 40 Marks***

---

## എ വിഭാഗം / Section : A

1.**തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** (**ഓരോന്നിനും ഒരു മാർക്ക് വീതം**) ( 1 x 8 – 8 )

**ഗംഗയ്ക്കു സമാനമായി മറ്റൊരു തീർത്ഥമില്ല ഗായത്രിയേക്കാൾ ശ്രേഷ്ഠമായ ഒരു മന്ത്രവും ഇല്ല . വേദങ്ങളിൽ സർവ്വശ്രേഷ്ഠമായ മന്ത്രമാണ് ഗായത്രി . ജഗജനനിയാണ് ഗായത്രി . നമ്മുടെ ആത്മാവ് പരമാത്മാവിന്റെ അംശമാണ്. ഗായത്രി ജപം കൊണ്ട് ഇവ ഒന്നാകുന്നു. ഒരുവൻ ജന്മജന്മാന്തരങ്ങളായി ചെയ്തുകൂട്ടിയ പാവങ്ങളെ ഇല്ലായ്മ ചെയ്യുകയാണ് മന്ത്രത്തിന്റെ പ്രാഥമിക ധർമം . എപ്പോൾ സർവ്വ പാപങ്ങളും നശിക്കുകയും ആത്മാവ് നിർമ്മലമായി തീരുകയും ചെയ്യുന്നുവോ അപ്പോൾ മുതൽ വിശേഷ രൂപേണയുള്ള ഫലങ്ങൾ പ്രത്യക്ഷമായി തുടങ്ങും. ഒരു മണിമാളിക പണിയുമ്പോൾ അതിൻറെ അസ്ഥിവാരം ഉറപ്പുള്ളതാവണം. പൂർവ്വജന്മ കൃതപാപങ്ങൾ**

ഒരുവന്റെ ജീവിതത്തെ സാരമായി ബാധിക്കാറുണ്ട്. ഗായത്രി ജപത്തിലൂടെ മുജ്ജന്മ ദുഷ്കൃതങ്ങൾ ഇല്ലാതാകുന്നു. അതിനുശേഷമേ ഉദിഷ്ട ഫലസിദ്ധി കൈവരൂ. ഗായത്രി സത്വഗുണത്തിന്റെ ശക്തിയാണ്. ആ മഹാ ശക്തിയെ സമർപ്പണ ബുദ്ധിയോടെ ഉപാസിക്കുന്നവർക്ക് മാത്രമേ മധുര ഫലങ്ങൾ ലഭിക്കുകയുള്ളൂ. പ്രേയസ്സും ശ്രേയസ്സും ഇച്ഛിക്കുന്നവർ മന്ത്രസമന്വിതം ദേവകളെ ഉപാസിക്കാറുണ്ട്. വൈദിക മന്ത്രങ്ങൾ അർത്ഥമറിയാതെ ഉച്ചരിക്കുന്നത് കൊണ്ട് ഒരിക്കലും ഫലസിദ്ധി ഉണ്ടാവുകയില്ല. യാസ് കാചാര്യർ പറയുന്നത് വിറക് നല്ലതുപോലെ ഉണങ്ങിയതാണെങ്കിലും തീ കൊളുത്താതെ അത് കത്തുകയില്ല .ഇഹത്തിലും പരത്തിലും സൗഭാഗ്യം നൽകുന്ന ദേവത ഗായത്രി മാതാവാണ്. സാധകന്റെ ആത്മാവിനെ പവിത്രമാക്കുന്നതോടൊപ്പം ആധ്യാത്മിക ഔന്നത്യവും ലൗകികകാമനകളുടെ സാഫല്യവും ഒരേസമയം നൽകുന്നു. വിശ്വാമിത്ര മുനിയാണ് ഗായത്രി മന്ത്രത്തിന്റെ ഋഷി. അദ്ദേഹത്തിലൂടെ ബ്രഹ്മദേവൻ ആണ് ഈ മന്ത്രത്തെ സാക്ഷാത്കരിച്ചത് എന്നാണ് സങ്കല്പം.

**ചോദ്യങ്ങൾ**

1 (a)വൈദിക മന്ത്രങ്ങൾ അർത്ഥം അറിയാതെ ഉച്ചരിച്ചാൽ എന്താണ് ദോഷം?

b) ഗായത്രി മന്ത്രം കൊണ്ട് ഒന്നാവുന്നത് ആരെല്ലാമാണ്?

c)ഗായന്ത്രി മന്ത്രം ഒരേ സമയം എന്തെല്ലാം നല്കുന്നു ?

d) ഗായത്രി മന്ത്രത്തിന്റെ പ്രാഥമിക ധർമം എന്ത്?

e) ഒരുവന്റെ ജീവിതത്തെ സാരമായി ബാധിക്കുന്നതെന്ത്?

f). ഗായത്രീമന്ത്രത്തെ കുറിച്ചുള്ള സങ്കല്പം എന്ത്?

g) ഗായത്രീമന്ത്രത്തിന്റെ വിശേഷ രൂപേണയുള്ള ഫലങ്ങൾ പ്രത്യക്ഷപ്പെടുന്നതെപ്പോൾ?

h) ആരാണ് ഗായത്രി?

2.തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

(ഓരോന്നിനും ഓരോ മാർക്ക് വീതം) (7x1-7)

സാങ്കേതികമായ പ്രവചനങ്ങളുടെ കാലമാണ് ആഗോളവൽക്കരണത്തിലൂടെ സംജാതമായത്. വിവരസാങ്കേതികവിദ്യകളുടെ അനിതര സാധാരണമായ വികാസം ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കി. ക്രമബദ്ധതകൾ എല്ലാം ഇതോടെ തകർന്നു . ഈ ശിഥില യാഥാർത്ഥ്യങ്ങളിലേക്ക് വ്യക്തികൾ വലിച്ചിഴയ്ക്കപ്പെട്ടതോടെ അവരുടെ ദേശീയതകളും തകർന്നു . മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ വിപത്തുകളിൽ ഒന്നാണ്. വിപണിയെ ആശ്രയിച്ചു കഴിയുന്ന ആഗോളവൽക്കരണ സമൂഹത്തിൽ സംസ്കാരത്തിന്റെ പൊള്ളയായ ആചരണങ്ങൾ മാത്രമാണ് കാണുന്നത്. അവികലമായ സാംസ്കാരിക ലാവണ്യബോധം വിപണിയുടെ ഭാഗമായിത്തീർന്നു. ആഗോളവൽക്കരണം മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റി. ഓരോരുത്തരുടെയും ജീവിതത്തിനുമേൽ അവനവൻറെ പരിധിയിൽ ഒതുങ്ങാത്ത ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദമുണ്ട്. അതുകൊണ്ട് എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമാണ്.

മൂല്യങ്ങൾ അകലുമ്പോൾ പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നു. മനുഷ്യന് തന്നിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം . അദൃശ്യരായ വേട്ടക്കാരാൽ വേട്ടയാടപ്പെടുന്ന ഇരകളായി നാം മാറുന്നു. ചെറിയ ഭീതികളിൽ നിന്ന് വലിയ ദുരന്തങ്ങളിലേക്ക് ഒരു സമൂഹം വലിച്ചിഴയ്ക്കപ്പെടുന്നത് ആശാവഹമായ പരിണാമം അല്ല .

ചോദ്യങ്ങൾ

2(a)എപ്പോഴാണ് പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നത് ?

b) ഏറ്റവും വലിയ ദുരന്തം എന്താണ്?

c)ആഗോളവൽക്കരണത്തിലൂടെ സംജാതമായത് എന്ത് ?

d)എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമായി തീരാൻ കാരണമെന്താണ് ?

e)ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ ഒരു വിപത്ത് എന്താണ് ?

f)ആഗോളവൽക്കൃത സമൂഹം ആരെ ആശ്രയിച്ചാണ് കഴിയുന്നത് ?

g )ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കിയത് എന്ത് ?

3.തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴ് എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്ത എഴുതു.( 7x1)

a) ഭ്രാതാവ് -എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്?

a . തനയൻ b തോഴൻ c സഹജൻ d. ചങ്ങാതി

b) **പ്രാണി - എന്ന പദത്തിന്റെ എതിർലിംഗം ഏത്?**

a. **പ്രാണൻ** b. **പ്രാണിനി** c. **പ്രാണികൾ**

d. **പ്രാണവാൻ**

c) **വിയോഗം എന്നതിന്റെ വിപരീത പദം ഏത്?**

a. **യോഗം** b. **അയോഗം** c .**സംയോഗം** d. **നിയോഗം**

d) **അന്യജീവൻ എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർഥമേത്**?

a . **അന്യമായ ജീവൻ** b. **അന്യനുള്ള ജീവൻ**

c. **അന്യനിലെ ജീവൻ** d. **അന്യന്റെ ജീവൻ**

e) **ചോറ് എന്നതിന്റെ പര്യായപദമല്ലാത്തത് ഏത്?**

a . **ഓദനം** b. **അന്നം** c **ഭക്തം** d. **ഉണ്മ**

f)'**ബ്രാഹ്മണോഹം' എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്?**

a. **ബ്രാഹ് + മണോഹം** b. **ബ്രാഹ്മണ** : **+ അഹം**

c. **ബ്രാഹ്മണോ** + **അഹം** d. **ബ്രാഹ്മണ: + ഓഹം**

g)**തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക**

a. **സംസാരബന്ദനം** b. **സംസാരബന്ധനം**

c. **സംസാരബന്തനം** d. **സംസാരബന്ധനം**

h) **'യതി 'എന്ന പദത്തിന്റെ നാനാർഥം അല്ലാത്ത പദം ഏത്?**

a. **വടി** b. **സന്യാസി** c. **ഹിമമനുഷ്യൻ** d. **വിരാമം**

i ) **നിനവ്- നനവ് എന്നീ പദങ്ങളുടെ ശരിയായ അർഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?**

a . **ചിന്ത - ഓർമ്മ** b. **വിചാരം - ഈറൻ**

c. **നിന്റെ – നനഞ്ഞത്** d. **കിനാവ് – മറവി**

j) കാണാവുന്നത് എന്നതിന്റെ ഒറ്റപ്പദം ഏത്?

a . ദർശനം b. ദൃഷ്ടി c. ദ്രഷ്ടാവ് d. ദൃശ്യം

4.തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്ത് ഓ (ഓരോന്നിനും 2 മാർക്കു വീതം) (9 x 2 = 18 )

4(a)(i)മായാമയവും പരിണാമയുമായി എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

a.ആത്മാവിനെ b. വികാരത്തെ

b. ദേഹത്തെ d. ദേഹിയെ

(ii)ദേഹത്തിനു നാശം വരുത്തുന്നതിനായി എഴുത്തച്ഛൻ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ് ?

a.ജന്തുക്കൾ ഭക്ഷിച്ച് b.മണ്ണിൽ കൃമികളായി മാറി c.പഞ്ചഭൂതങ്ങൾ ആയി മാറി d. വെന്തുവെണ്ണീറായി

4(b) ദിഷ്ടമീ വടിവിയന്നു വന്ന പോൽ -

(i)ഈ വരികളിൽ ദിഷ്ടം വിശേഷിപ്പിച്ചതാരെ ?

a. നളിനിയെ b ദിവാകരനെ c. പനിനീർപ്പൂവിനെ
d. സൂര്യനെ

(ii) ദിഷ്ടം എന്ന പദത്തിന്റെ അർഥം എന്താണ്?

a വിധി b. ഭാഗ്യം c. നിർഭാഗം d. ആ കൃതി

4(c)(i)നളിനി എന്ന കൃതിയുടെ മറ്റൊരു പേര് എന്ത് ?

a.താമര b. ഒരു സ്നേഹം

c. ഒരു സ്നേഹ ഗീതം d. ഒരു സ്നേഹ കാവ്യം

(ii)"ആരതെന്നുടനറിഞ്ഞു കൗതുകം പാരമാർന്നു" ആർക്കാണ് കൗതുകം വർദ്ധിച്ചത്?

a.നളിനിക്ക് b.ദിവാകരന് c.സന്യാസിനിക്ക് d.വിവേകികൾക്ക്

4 (d)”അകലെ സൂര്യൻ താഴ്ന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂടു പറ്റുന്നു "

(i)ആരാണ് ഇങ്ങനെ ഒരു കാഴ്ച കാണുന്നത് ?

a.തയ്യൽക്കാരൻ b.ചാക്കുണ്ണി

c.വെള്ളായിയപ്പൻ d. മത്തായി

(ii) എവിടെ വച്ചാണ് ഈ കാഴ്ച കാണുന്നത്?

a.മുണ്ടകപ്പാടത്തിന്റെ വരമ്പിൽ നിന്ന്

b. വരമ്പിലൂടെ റേഡിയോ കേട്ട് നടക്കുമ്പോൾ

c. റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോമിൽ ഇരിക്കുമ്പോൾ

d. മുറിവേറ്റു മരിക്കാറായിക്കിടക്കുമ്പോൾ

4(e) "ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു "

(i)താഴെപ്പറയുന്ന ഏതു കാരണത്താലാണ് ചാക്കുണ്ണിയുടെ ഉള്ളിൽ തീ ആയത് ?

a.ചാക്കുണ്ണി വെയിലത്ത് നടന്നു വന്നതിനാൽ

b.ചാക്കുണ്ണിയുടെ മകൻറെ രോഗത്തെപ്പറ്റി ചിന്തിച്ചിട്ട്

c.ചെമ്പുമത്തായിയെ വിശ്വാസമില്ലാഞ്ഞിട്ട് .

d.ജീവിതത്തിൻറെ ഭാഗമായി മാറിയ റേഡിയോ കൈവിട്ടു പോകുന്നതിന്റെ ദുഃഖം.

(ii) തന്നിരിക്കുന്നവയിൽ ഏതു കാരണം കൊണ്ടാണ് ചാക്കുണ്ണി റേഡിയോ പണയം വയ്ക്കുന്നത് ?

a.മകനെ ചികിത്സിക്കാൻ കൈയ്യിൽ പണമില്ലാത്തതുകൊണ്ട് .

b. സ്വർണ്ണം പണയം വയ്ക്കാൻ ഭാര്യ സമ്മതിക്കാത്തതുകൊണ്ട്

c.ചെമ്പു മത്തായിക്ക് റേഡിയോ വളരെ ഇഷ്ടമായതുകൊണ്ട്
d.റേഡിയോ കയ്യിലിരുന്നാൽ ജോലി ഒന്നും നടക്കാത്തതുകൊണ്ട്

4(f)(i)താഴെപ്പറയുന്നവയിൽ ഏതാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ടുകാരന്റെ വിശേഷണം അല്ലാത്തത് ?

a.ഭക്തി പ്രസ്ഥാനത്തിന്റെ പ്രയോക്താവ്
b.കിളിപ്പാട്ട് പ്രസ്ഥാനത്തിൻറെ ഉപജ്ഞാതാവ്
c.ആധുനിക കവിത്രയത്തിൽ പ്രമുഖൻ
d. ആധുനിക മലയാള ഭാഷയുടെ പിതാവ്

(ii) എഴുത്തച്ഛന്റെ ജീവിതകാലം ഏതാണ്?

a.പതിനഞ്ചാം നൂറ്റാണ്ട് b.പത്തൊമ്പതാം നൂറ്റാണ്ട്
c. പതിനാറാം നൂറ്റാണ്ട് d. പതിനേഴാം നൂറ്റാണ്ട്

4(g) “രണ്ടു വാക്കുകൾ മാത്രം രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ് “

(i)ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ ?

a. വെള്ളായിയും നീലിയും b. വെള്ളായിയും മരയ്ക്കാരും c. വെള്ളായിയും പോലീസുകാരനും
d. വെള്ളായിയും കണ്ടുണ്ണിയും

(ii) എന്തായിരുന്നു ആരണ്ട് വാക്കുകൾ ?

a. വെള്ളായിയേ - മരയ്ക്കാരേ b.വെള്ളായിച്ചോ - നീലിയെ c. എങ്ങോട്ടാണ് - ജയിലിലേയ്ക്ക്
d.മകനേ നീ എന്തു ചെയ്തു - എനിക്കോർമ്മയില്ലപ്പാ

4 (h) ചിരമഹോ കൊതിച്ചു ഞാൻ

(i) ആരാണ് കൊതിച്ചത് ?

a. നളിനി b. സന്യാസിനി c. കവി

d. ദിവാകരൻ

(ii) എന്താണ് കൊതിച്ചത് ?

a. സന്യാസം b. പഴയ ജീവിതം

c.ദിവാകരദർശനം d.കുട്ടിക്കാലം

4(i)ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവ്വം ചിലരായിരുന്നു അവരെല്ലാം .

(i)ആരെക്കുറിച്ചാണ് ഈ പരാമർശം ?

a.ചെമ്പു മത്തായിയും വീട്ടുകാരും

b. തുന്നിയ തുണി തിരികെ വാങ്ങാത്തവർ

c,ചാക്കുണ്ണിക്ക് മുൻകൂറായി തയ്യൽക്കൂലി കൊടുക്കാത്തവർ

d.തുന്നി തീരുന്നതിന്റെ കാശു കൊടുക്കാത്ത ആളുകൾ

(ii)ആരെയാണ് ഭയന്നിരുന്നത് ?

a. ചാക്കുണ്ണിയെ b. കണ്ടുണ്ണിയെ

c. ചെമ്പു മത്തായിയെ d. വെള്ളായിയപ്പനെ

4(j) (i) ഭോഗങ്ങളെ എന്തിനോടാണ് താരതമ്യം ചെയ്യുന്നത് ?

a. പൊതു വഴിയോട് b.മിന്നൽ പിണറിനോട്

b. ആലയത്തോട് d. സംസാരത്തോട്

(ii) സംസാരകാരിണിയായത് എന്ത്?

a. വിദി b. അവിദ്യ c. ക്രോധം

d. മത്സരം

4(k) “ചെമ്പു മത്തായി അങ്ങനെ പറഞ്ഞെങ്കിലും നേരെ മറിച്ചായിരുന്നു ചാക്കുണ്ണിയുടെ അനുഭവം"

(i)ചാക്കുണ്ണിയുടെ അനുഭവം എന്ത് ?

a .മനസ്സമാധാനം കിട്ടി
b.ജോലിയിലുള്ള ശ്രദ്ധ പാളി
c.ജോലിയിൽ മുഴുകൻ സാധിച്ചു
d.അളവ് തെറ്റാതെ തുന്നാൻ കഴിഞ്ഞു
(ii)അത് പറഞ്ഞപ്പോൾ ചെമ്പു മത്തായിയുടെ മനോഭാവം എന്തായിരുന്നു ?
a.റേഡിയോ നിസാരം എന്ന ഭാവം
b ചാക്കുണ്ണി നല്ല തയ്യൽക്കാരൻ അല്ല എന്ന ഭാവം
c.ചാക്കുണ്ണിയെ ഇഷ്ടമല്ലെന്ന ഭാവം
d ചാക്കുണ്ണിയിൽ സ്നേഹമുണ്ടെന്ന ഭാവം

## ബി വിഭാഗം / Section B

5 (a) അംഗവാക്യം അംഗി വാക്യം എന്നിവ വേർതിരിച്ചെഴുതുക (2x1-2)

(i)അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരെ വന്ന നീലി വഴിമാറി നിന്നു

(ii)പലപ്പോഴും ആ കുടുസ് മുറിയിലേക്ക് കാറ്റും വെളിച്ചവും കടക്കുന്നതിനായി ആളുകളോട് മാറിനിൽക്കാൻ ചാക്കുണ്ണിക്ക് പറയേണ്ടിവന്നു.

5 (b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക(2x1-2)

(i)എല്ലാക്കൊല്ലവും ആണ്ടിലൊരിക്കൽ മലയാറ്റൂർക്ക് പോകാറുള്ളത് അയാൾ അക്കൊല്ലം മുടക്കം വരുത്തി
.

(ii)മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ

നോക്കി അതിശയത്തോടെ അത്ഭുതപ്പെട്ടു നിന്ന മകനെ വെള്ളായിയപ്പൻ ഓർത്തു.

5 (c) പ്രയോഗം മാറ്റുക(2x1-2)

(i)ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

(ii)അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി .

5 (d)ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക (2x1-2)

(i)ദുഃഖ സഞ്ചാരം (ii) സ്വാധീനിക്കുക (iii) അപരിചിതം

6. (a)താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക.(5)

യുദ്ധം മാനവരാശിക്ക് വിപത്ത

OR

യുവതലമുറയിൽ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം

6.(b)മായം ചേർന്ന ഭക്ഷണസാധനങ്ങൾ നിരോധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. (5)

6.(c)സ്കൂളുകൾക്ക് സമീപം ലഹരിവില്പന നടത്തുന്നതിനെ സംബന്ധിച്ച് പത്രവാർത്ത തയ്യാറാക്കുക (4)

7.തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക ( മൂന്ന് മാർക്ക് വീതം) ( 2x3 =6)

(i) കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറിന് സവിശേഷമായ സ്ഥാനമാണുള്ളത് - വിശദമാക്കുക.

(ii) വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

(iii) റേഡിയോ പണയം വെച്ചതിനുശേഷം ഉള്ള ചാക്കുണ്ണിയുടെ അവസ്ഥ കഥാകൃത്ത് അവതരിപ്പിക്കുന്നതെങ്ങനെ?

8(a)തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക ( 2x3 =6)

(b) "പോയതൊക്കെ അഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും"-

ദിവാകരൻ നളിനിയോട് ഇങ്ങനെ പറയുന്നതിന്റെ പൊരുൾ എന്ത് ?

(c) " ക്രോധം പരിത്യജിക്കേണം ബുധജനം" - ഈ വാക്യത്തിന്റെ കാലികപ്രസക്തി വ്യക്തമാക്കുക.

9.തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക ( 2x3 =6)

(a)ചട്ടമ്പി എന്ന വിശേഷണം കുഞ്ഞൻപിള്ളയ്ക്ക് ലഭിച്ചത് എങ്ങനെ ?

(b)ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചത് എങ്ങനെ ?

(c)ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിലുള്ള സൗഹൃദം വിശദമാക്കുക.